## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1930** **10.03.2020 - ൽ മറുപടിക്ക്.**

## റേഷൻ മുൻഗണനാ ലിസ്റ്റ് ശുദ്ധീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.യു. ആർ. പ്രദീപ് :** | | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** | |
| (എ) | റേഷൻ മുൻഗണന ലിസ്റ്റിന്റെ ശുദ്ധീകരണ നടപടികളുടെ പുരോഗതി എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | പി.ഡി.എസ് കൺട്രോൾ ഓർഡർ, 2015 ക്ലോസ് 13 പ്രകാരം മുൻഗണനാപട്ടികയുടെ ശുദ്ധീകരണം തുടർപ്രക്രിയയായതിനാൽ തദ്ദേശസ്വയംഭരണം, മോട്ടോർവാഹനം എന്നീ വകുപ്പുകളുടെ ഡാറ്റയുമായി ആർ.സി.എം.എസ് ഡാറ്റ മാപ്പിംഗ് നടത്തി അനർഹരായ കുടുംബങ്ങളെ കണ്ടെത്തി ഒഴിവാക്കിയിട്ടുണ്ട്. കൂടുതൽ അനർഹരെ കണ്ടെത്തുന്നതിന് എ.എ.വൈ/പി.എച്ച്.എച്ച് വിഭാഗങ്ങളിലുള്ള, തുടർച്ചയായി മൂന്നുമാസം റേഷൻ വാങ്ങാത്തവരുടെ പട്ടിക തയ്യാറാക്കുകയും റേഷൻ വാങ്ങിയിരുന്നില്ലെന്ന് കണ്ടെത്തിയവരെ മുൻഗണനാ പട്ടികയിൽ നിന്നും ഒഴിവാക്കിയിട്ടുമുണ്ട്. കൂടാതെ ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരുടെ പട്ടിക കുടുംബശ്രീയിൽ നിന്നും മരണപ്പെട്ടവരുടെ വിവരങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹായത്തോടെയും ശേഖരിച്ച് പട്ടികയിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ തുടർന്നു വരുന്നു.<br><br>താലൂക്ക് സപ്ലൈ ആഫീസർമാരും റേഷനിംഗ് ഇൻസ്പെക്ടർമാരും ഉൾപ്പെട്ട സ്ക്വാഡ് വീടുകൾ തോറും പരിശോധന നടത്തി അനർഹമായ റേഷൻ കാർഡുകൾ കണ്ടെത്തി റദ്ദ് ചെയ്യുകയും അനർഹമായി കൈപ്പറ്റിയ റേഷൻ സാധനങ്ങളുടെ വില പിഴ ചുമത്തി ഈടാക്കുകയും കാർഡ് പൊതുവിഭാഗത്തിലേക്ക് മാറ്റുകയും ചെയ്യുന്നുണ്ട്. ഇതിന് ആനുപാതികമായി അർഹരായവരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിവരുന്നു. |

| | | | |
|---|---|---|---|
| **(ബി)** | അനർഹരാണെന്ന് കണ്ടെത്തി എത്ര കാർഡുടമകളെ 2019 ൽ മുൻഗണനാലിസ്റ്റിൽ നിന്നും ഒഴിവാക്കി പൊതുവിഭാഗത്തിലേക്ക് മാറ്റിയിട്ടുണ്ടെന്ന് അറിയിക്കാമോ; | **(ബി)** | അനർഹരാണെന്ന് കണ്ടെത്തിയ 1,60,881 കാർഡുകളെ (കുടുംബങ്ങൾ) 2019 ൽ മുൻഗണനാ ലിസ്റ്റിൽ നിന്നും ഒഴിവാക്കി പൊതുവിഭാഗത്തിലേക്ക് മാറ്റിയിട്ടുണ്ട്. |
| **(സി)** | മുൻഗണനാർഹരെ കണ്ടെത്തുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഇത് കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുന്നതിന് മുന്തിയ പരിഗണന നൽകുമോയെന്ന് അറിയിക്കാമോ? | **(സി)** | മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനായി ലഭ്യമാകുന്ന അപേക്ഷകൾ പരിശോധിച്ച് ക്ലേശഘടകങ്ങൾക്ക് സൂചകങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകി 30 ഓ അതിലധികമോ മാർക്ക് ലഭിക്കുകയാണെങ്കിൽ മാർക്കിന്റെ അടിസ്ഥാനത്തിൽ സീനിയോറിറ്റി ക്രമമനുസരിച്ച് സാധ്യതാ പട്ടികയിൽ ഉൾപ്പെടുത്തേണ്ടവരുടെ പട്ടിക തയ്യാറാക്കുന്നു. പ്രസ്തുത പട്ടികകൾ സിവിൽ സപ്ലൈസ് കമ്മീഷണറുടെ കാര്യാലയത്തിൽ നിന്നും സീനിയോറിറ്റി ക്രമം നിശ്ചയിച്ച് അംഗീകരിച്ച് അതാത് താലൂക്ക് സപ്ലൈ / സിറ്റി റേഷനിംഗ് ഓഫീസുകളിൽ തിരികെ നൽകുന്നു. സിവിൽ സപ്ലൈസ് കമ്മീഷണറുടെ കാര്യാലയത്തിൽ നിന്ന് ഒഴിവുകൾ അനുവദിച്ച് നൽകുന്ന മുറക്ക് ആദ്യം നിർബന്ധമായും ഉൾപ്പെടുത്തേണ്ടവരെയും ശേഷം മാർക്ക് അടിസ്ഥാനത്തിലുള്ള പട്ടികയിലുള്ളവരെയും ഒഴിവുകൾ ലഭ്യമാകുന്ന മുറക്ക് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിവരുന്നു. സംസ്ഥാനത്തെ മുൻഗണനാവിഭാഗ അംഗങ്ങളുടെ എണ്ണം കേന്ദ്രസർക്കാർ 1,54,800,40 ആയി നിജപ്പെടുത്തിയിരിക്കുന്നതിനാൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് കൂടുതൽ കുടുംബങ്ങളെ ഉൾപ്പെടുത്തുന്നതിന് പരിമിതിയുണ്ട്. |

**സെക്ഷൻ ഓഫീസർ**